## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2032

19.06.2012-ലെ മറുപടിയ്ക്ക്

### പട്ടികജാതി സഹകരണ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(എ) 669 പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| 1. തിരുവനന്തപുരം | 96 |
| 2. കൊല്ലം | 22 |
| 3. പത്തനംതിട്ട | 38 |
| 4. ആലപ്പുഴ | 65 |
| 5. കോട്ടയം | 40 |
| 6. ഇടുക്കി | 22 |
| 7. എറണാകുളം | 67 |
| 8. തൃശ്ശൂർ | 92 |
| 9. പാലക്കാട് | 67 |
| 10. മലപ്പുറം | 69 |
| 11. കോഴിക്കോട് | 44 |
| 12. വയനാട് | 8 |
| 13. കണ്ണൂർ | 16 |
| 14. കാസറഗോഡ് | 23 |
| ആകെ | 669 |

(ബി) സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ട്. ഓരോ ജില്ലയിലും അതാത് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലെ യൂണിറ്റ് ഇൻസ്പെക്ടർമാർ, ജില്ലാ ആഫീസിലെ അസിസ്റ്റന്റ് രജിസ്ട്രാർമാർ (എസ്.സി/എസ്.റ്റി) എന്നിവർ പട്ടികജാതി സംഘങ്ങളിൽ പരിശോധന നടത്തി ടി സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | തകർച്ച നേരിടുന്ന പട്ടികജാതി സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (സി) | സംസ്ഥാനത്തെ പട്ടികജാതി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും തകർച്ച നേരിടുന്ന പട്ടികജാതി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും മുന്നോടിയായി ടി സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായാലുടൻ തന്നെ ആയതിലെ നിർദ്ദേശം വിലയിരുത്തി ആവശ്യമായ പുനരുദ്ധാരണ നടപടികൾ സ്വീകരിക്കുന്നതാണ്. എസ്.സി./എസ്.റ്റി. സംഘങ്ങളുടേയും ഫെഡറേഷന്റേയും പുനരുദ്ധാരണത്തിനായി 2012-13 വാർഷിക പദ്ധതിയിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ